# മതതാരതമ്യപഠനം

എം. എം. അക്ബർ

‘നിങ്ങൾ മതതാരതമ്യ പഠനം വഴിയാണല്ലോ ഇസ്‌ലാമിക പ്രബോധനം നടത്തുന്നത്. അതിനെന്താണ് തെളിവ്?

‘ഒരു തെറ്റിദ്ധാരണയിൽ നിന്നാണ് ഈ ചോദ്യം ഉടലെടുക്കുന്നതുതന്നെ. നിച്ച് ഓഫ് ട്രൂത്തിന്റെ പ്രബോധന പ്രവർത്തനങ്ങൾ മതതാരതമ്യ പഠന ത്തിൽ മാത്രം അധിഷ്ഠിതമാണെന്നതാണ് ആ തെറ്റിദ്ധാരണ. ഇസ്‌ലാമിക പ്രബോധനത്തിനായി നാം പല മാർഗങ്ങൾ ഉപയോഗിക്കാറുണ്ട്; അതിലൊന്നാണ് മതതാരതമ്യ പഠനം. ബൈബിളിലേക്കോ ഹിന്ദുമത ഗ്രന്ഥങ്ങളിലേക്കോ ആളുകളെ ക്ഷണിക്കുന്നതിനുവേണ്ടിയല്ല, പ്രത്യുത ഖുർആനിന്റെയും സുന്നത്തിന്റെയും സത്യത സ്ഥാപിക്കുവാനും അവ മുന്നോട്ടുവെക്കുന്ന ആശയങ്ങളുടെ അജയ്യത വ്യക്തമാക്കുവാനും വേണ്ടിയാണ് നാം മതതാരതമ്യ പഠനം ഉപയോഗപ്പെടു ത്തുന്നത്. ഇതാകട്ടെ ഖുർആനിന്റെ അനുശാസനക്ക് വിധേയമായിട്ടാണുതാനും. അല്ലാഹുവിനെ മാത്രം ആരാധിക്കുകയെന്ന പൊതുതത്ത്വത്തിലേക്ക് വരാൻ ഖുർആൻ വേദക്കാരെ ക്ഷണിക്കുന്നു (3:64); അല്ലാഹു മാത്രമാണ് ആരാധ്യനെന്ന് യേശുവടക്കമുള്ള മുഴുവൻ പ്രവാചകന്മാരും പഠിപ്പിച്ച തത്ത്വമാണെന്ന് സ്ഥാപിക്കുവാൻവേണ്ടി നാം വേദ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നു. ജൂതരും ക്രൈസ്തവരും മാത്രമാണ് സ്വർഗത്തിൽ പോവുകയെന്ന വ്യാമോഹത്തിന് തെളിവ് കൊണ്ടുവരുവാൻ ഖുർആൻ വെല്ലുവിളിക്കുന്നു (2:111); പ്രവാചകന്മാർ മുഴുവൻ പഠിപ്പിച്ച മതമായ ഇസ്‌ലാമിലൂടെയാണ് സ്വർഗപ്രവേശം സാധിക്കുകയെന്ന് സ്ഥാപിക്കുന്നതിനും ഇസ്രായേൽ തറവാട്ടിൽ ജനിച്ചവർക്കേ രക്ഷയുള്ളൂവെന്ന വാദത്തെയും യേശുവിന്റെ ക്രൂശീകരണത്തിൽ വിശ്വസിച്ചവർക്കേ നിത്യജീവനുള്ളൂവെന്ന വാദത്തെയും ഖണ്ഡിക്കുന്നതിനും നാം വേദങ്ങൾ ഉദ്ധരിക്കുന്നു. ഖുർആനിന് മുമ്പ് അവ തരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങൾ മാറ്റത്തിരുത്തലുകൾക്ക് വിധേയമായെന്ന് ഖുർആൻ പ്രസ്താവിക്കുന്നു (2:79, 3:71, 3:87, 3:78, 5:14); ഖുർആനൊഴിച്ചുള്ള വേദഗ്രന്ഥങ്ങളിലെല്ലാം മാനുഷികമായ കരവിരുതുകൾ നടന്നിട്ടുണ്ടെന്ന് സ്ഥാപിക്കാനായി പ്രസ്തുത ഗ്രന്ഥങ്ങളെത്തന്നെ നാം പഠനവിധേയമാക്കുന്നു. മുൻ വേദങ്ങൾ പഠിപ്പിച്ച ആശയങ്ങളെ കളങ്കരഹിതമായി സംരക്ഷിക്കുകയാണ് ഖുർആൻ ചെയ്യുന്നതെന്ന് അത് സ്വയം അവകാശപ്പെടുന്നു (5:48); വേദഗ്രന്ഥങ്ങൾ പഠിപ്പിച്ചതും അനുയായികൾ കൈവിട്ടതുമായ പ്രവാചക പ്രബോധനങ്ങൾ ഖുർആനാണ് സംരക്ഷിക്കുന്നതെന്ന് വ്യക്തമാക്കാനായി നാം മറ്റ് വേദഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ പരിശോധിച്ച് പൊതുസമൂഹത്തിന് മുമ്പിൽവെക്കുന്നു. മുഹമ്മദ് നബി (സ)യെക്കുറിച്ച് പൂർവഗ്രന്ഥങ്ങളിൽ പ്രവചിച്ചിട്ടുണ്ടെന്ന് ഖുർആൻ വ്യക്തമാക്കുന്നു (61:6, 7:157, 2:146); വേദഗ്രന്ഥങ്ങളിലെ മുഹമ്മദ് നബി(സ)യെക്കുറിക്കുന്ന പരാമർശങ്ങൾ ഗവേഷണം ചെയ്തെടുത്ത് നാം ജനമധ്യത്തിൽ അവതരിപ്പിക്കുന്നു. ചുരുക്കത്തിൽ, ഖുർആനിന്റെ അനുശാസനകൾക്ക് വിധേയമായി; ഇസ്‌ലാമിന്റെ സമഗ്രതയും ഖുർആനിന്റെ മൗലികതയും മുഹമ്മദ് നബി(ല)യുടെ സത്യതയും സ്ഥാപിക്കുന്നതിനുവേണ്ടിയാണ് നാം മതതാരതമ്യപഠനത്തെ ഉപയോഗപ്പെടുത്തുന്നത്.

‘നിങ്ങൾ ഉദ്ധരിച്ച ആയത്തുകൾ മുഹമ്മദ്നബി(സ) കണ്ടില്ലെന്നാണോ. അദ്ദേഹം മതതാരതമ്യം വഴി ഇസ്‌ലാമിക പ്രബോധനം നിർവഹിച്ചിട്ടില്ലല്ലോ?’

‘ഖുർആൻ അവതരിപ്പിക്കപ്പെട്ടത് മുഹമ്മദ് നബി(സ)ക്കാണ്; അദ്ദേഹമാണ് സ്വന്തം ജീവിതത്തിലൂടെയും വാക്കിലൂടെയും അനുവാദ ത്തിലൂടെയും അത് വ്യാഖ്യാനിച്ചത്. താൻ ഇബ്റാഹീമിന്റെ മതത്തിലാണെന്ന് മുഹമ്മദ് നബി(സ) അവകാശപ്പെട്ടപ്പോൾ ‘ഇബ്റാഹിം യഹൂദിയായിരുന്നവല്ലോ’യെന്ന് തർക്കിച്ച ജൂതന്മാരോട് ‘തൗറാത്ത് കൊണ്ടുവരൂ’ അത് നമുക്കിടയിൽ വിധിപറയട്ടെ’യെന്ന് പ്രവാചകൻ(സ) സംവദിച്ചതായി സൂറത്ത് ആലുഇംറാനിലെ 23-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ  ഇബ്നുജരീർ (റ) ഉദ്ധരിക്കുന്നുണ്ട്. ഇസ്റാഈൽ സന്തതികളിൽനിന്ന് ഉദ്ധരിക്കുവാനുള്ള പ്രവാചകന്റെ അനുവാദവും സ്വഹാബിമാരോട് യഹൂദ ഭാഷ പഠിക്കുവാനുള്ള പ്രവാചക കൽപനയും പ്രമുഖ ഹദീഥ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. വ്യഭിചരിച്ചവർക്കുള്ള ശിക്ഷയുമായി ബന്ധപ്പെട്ട് ജൂതന്മാരോട് തൗറാത്ത് കൊണ്ടുവരാൻ കൽപിച്ച സംഭവവും (ബുഖാരി ഉദ്ധരിച്ചത്) മതതാരതമ്യ പഠനത്തിനുള്ള തെളിവാണ്’.

‘മുഹമ്മദ് നബി( സ)യിൽ നിന്ന് മതം പഠിച്ച സ്വഹാബിമാരോ അവരിൽനിന്ന് ദീൻ പഠിച്ച താബിഉകളോ തബഉത്താബിഉകളോ ആരെങ്കിലും മതപ്രബോധനത്തിന് മതതാരതമ്യ പഠനം ഉപയോഗിച്ചതായി തെളിയിക്കാമോ?’

‘സൈദുബ്നു സാബിത് മുതൽ സൽമാനുൽ ഫാരിസിവരെയുള്ള സ്വഹാബിമാരും മാലിക്ബ്നു ദീനാർ മുതൽ കഅ്ബുൽ അഹ്ബാർ വരെയുള്ള താബിഉകളും പ്രഗൽഭ പണ്ഡിതന്മാരായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ മുതൽ ഇബ്നുൽ ഖയ്യിം വരെയുള്ളവരും മറ്റ് വേദഗ്രന്ഥങ്ങൾ ഉദ്ധരിക്കുകയും ഇസ്‌ലാമിന്റെ സത്യത വ്യക്തമാക്കുകയും ചെയ്തിരുന്നതായി ചരിത്രം പരിശോധിച്ചാൽ മനസ്സിലാവും. ഇന്ത്യയിൽ ജീവിച്ചിരുന്ന മഹാപണ്ഡിതന്മാരായ ശൈഖ് സനാഉല്ലാ അമൃതസരിയും ശൈഖ് റഹ്മത്തുല്ലാ കീറാനവിയും മറ്റ് വേദഗ്രന്ഥങ്ങൾ ഉദ്ധരിച്ച് ഇസ്‌ലാമിന്റെ സത്യത സ്ഥാപിക്കുന്നതിൽ അഗ്രഗണ്യരായിരുന്നു. കീറാനവിയുടെ ക്രിസ്തുമത ഖണ്ഡനമായ ‘ഇദ്ഹാറുൽ ഹഖ്’ ഏറെ പ്രസിദ്ധമാണ്. ബൈബിൾ ഉദ്ധരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഇസ്‌ലാമിക പ്രബോധനം തീരെ വെച്ചുപൊറുപ്പിക്കുവാൻ കഴിയാത്തതിനാൽ ബ്രിട്ടീഷ് സർക്കാർ ശൈഖ് കീറാനവിയെ നാടുകടത്തുകയും ശിഷ്ടകാലം മസ്ജിദുൽ ഹറമിൽ ദർസ് നടത്തിക്കൊണ്ടാണ് അദ്ദേഹം ജീവിച്ചതെന്നും വ്യക്തമാക്കുന്ന രേഖകളുണ്ട്. ഇന്ത്യയിലെ അഹ്‌ലെ ഹദീഥ് പ്രസ്ഥാനത്തിന്റെ സ്ഥാപകനും രണ്ട് ഖുർആൻ തഫ്സീറുകളുടെ കർത്താവുമായ ശൈഖ് സനാഉല്ലാ അമൃതസരി ഹിന്ദുമതഗ്രന്ഥങ്ങളിലും ബൈബിളിലും വ്യുൽപത്തിയുള്ള പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് മറുപടി പറയാനാവാതെ സി.ജി. ഫാണ്ടറെ പോലെയുള്ള ക്രിസ്തുമത പണ്ഡിതന്മാരും ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതിയുമെല്ലാം ഒഴിഞ്ഞുമാറി നടക്കുകയായിരുന്നു. ഇന്ന് ജീവിച്ചിരിക്കുന്ന മഹാപണ്ഡിതനായ ശൈഖ് റബീഅ്ബ്നു ഹാദി അൽ മദ്ഖലിയുടെ ‘യേശുവിന്റെ സ്ഥാനം ഇസ്‌ലാമിൽ’ എന്ന കൃതിയിൽ നിരവധി ബൈബിൾ ഉദ്ധരണികളുണ്ട്. ഇവയെല്ലാം സ്വഹാബിമാരുടെ കാലംമുതൽ ഇന്നുവരെ നിലനിന്നുപോന്നിട്ടുള്ളതാണ് മതതാരതമ്യ പഠനമെന്ന് സുതരാം വ്യക്തമാക്കുന്നുണ്ട്.

‘ബൈബിൾ ഉദ്ധരിക്കുന്നതിൽനിന്ന് ഉമറി(റ)നെ നബി(സ) വിലക്കിയതായി വ്യക്തമാക്കുന്ന ഹദീഥ് ബുഖാരിയിലുണ്ടല്ലോ?’

‘ഈ ചോദ്യത്തിനുള്ള മറുപടി ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽ ബാരിയിൽ തന്നെയുണ്ട്. മതകാര്യങ്ങളിൽ വേദഗ്രന്ഥങ്ങളുടെ വക്താക്കളുടെ അഭിപ്രായമാരായുന്നതിനെയും അവരുടെ അഭിപ്രായങ്ങളെ ഇസ്‌ലാമിക ശരീഅത്തിന് മുകളിൽ സ്ഥാപിക്കുന്നതിനെയുമാണ് പ്രവാചകൻ (സ) വിലക്കിയിട്ടുള്ളത്. അതല്ലാതെ ഖുർആനും സുന്നത്തും വരച്ചുകാണിക്കുന്ന ആദർശത്തിന്റെ സത്യത സ്ഥാപിക്കുന്നതിനായി മറ്റ് ഗ്രന്ഥങ്ങളെ ഉദ്ധരിക്കുന്നതിനെ ഖുർആനോ പ്രവാചകനോ പ്രാമാണികരായ പണ്ഡിതരോ വിലക്കിയിട്ടില്ല